**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2598     13.03.2020-ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ്**

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | "പുതിയ കാലം പുതിയ നിർമ്മാണം" എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി 05/01/2018 ലെ ജി.ഒ(എം.എസ്സ്) നമ്പർ 01/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.<br>പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശുപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.<br>(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.<br>(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുക.<br>(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക.<br>(ഡി) സി.റ്റി.ഇ അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക. |
| **(ബി)** കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും പി.ഡബ്ല്യു.ഡി. ഓഫീസിനെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ നൽകാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ